I ഇ.ബി. XIV - കേരള നിയമസഭ /IX-6

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജനുവരി 31, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ധനപ്രതിസന്ധി

മി. സ്പീക്കർ: ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവുംകൊണ്ട് സംസ്ഥാനത്തുണ്ടായിരിക്കുന്ന വികസന സ്തംഭനവും സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിലുണ്ടായിരിക്കുന്ന പാളിച്ചകളുംമൂലം ഉളവായ ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50

അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്ത് നിലവിൽ ഒരുതരത്തിലുള്ള വികസന സ്തംഭനവും ഇല്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പദ്ധതി-പദ്ധതിയേതര ചെലവുകൾ വർദ്ധിച്ചിട്ടുണ്ട്. വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചതിനാൽ സാമ്പത്തിക പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാർ വായ്പ എടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിന് ഒരുതരത്തിലുള്ള നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: ധനപ്രതിസന്ധിയെത്തുടർന്ന് കഴിഞ്ഞ മൂന്നുമാസക്കാലമുണ്ടായ തുടർച്ചയായ ട്രഷറി സ്തംഭനംമൂലം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളെയും ബാധിച്ചിട്ടുണ്ട്. അങ്കണവാടികളിലെ കുട്ടികളുടെ ഭക്ഷണത്തിനുള്ള ബിൽ ട്രഷറിയിൽ മാറാൻ സാധിക്കാത്ത സ്ഥിതിയുണ്ടായി. പുതിയ ക്ഷേമ പെൻഷനുകളും കുടിശ്ശികയും നൽകുന്നില്ല. ധനപ്രതിസന്ധിയുടെയും ട്രഷറി നിയന്ത്രണത്തിന്റെയും യഥാർത്ഥ കാരണങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവും സംസ്ഥാനത്ത് സ്വാഭാവികമായ നികുതി വളർച്ച ഉണ്ടാക്കിയിട്ടില്ല. പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയാത്തവിധം ധനസ്ഥിതി തകർന്നിരിക്കുകയാണ്. സംസ്ഥാനത്തെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം ഇറക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ജി.എസ്.ടി. നടപ്പാക്കിയപ്പോൾ വരുമാനം വർദ്ധിക്കാതിരിക്കുകയും ചെലവ് കൂടുകയും ചെയ്തതിനാൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുണ്ട്. 25 ശതമാനം വരുമാന വർദ്ധനവുണ്ടാകുമെന്ന ധാരണയിലാണ് ചെലവ് കണക്കാക്കിയിരുന്നത്. ഈ സാമ്പത്തിക വർഷം 5030 കോടി രൂപ പെൻഷൻ കൊടുത്തിട്ടുണ്ട്. പെൻഷൻകാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്നതാണ്. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവർക്കെല്ലാം പെൻഷൻ ലഭിക്കുന്നതാണ്. നിലവിൽ സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയില്ല. 13,000 കോടി രൂപ ട്രഷറിയിലും 4500 കോടി രൂപ ബാങ്കിലുമുണ്ട്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി.ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) റബ്ബറിന്റെ വിലത്തകർച്ച

(ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.-യും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. രാജു എബ്രഹാം: റബ്ബറിന്റെ വിലത്തകർച്ചമൂലം മലയോര മേഖല ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. റബ്ബർ കൃഷി ഉപേക്ഷിച്ച് കർഷകർ മറ്റ് കൃഷികളിലേയ്ക്ക് പോകുകയാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധി ബാധകമല്ലാത്ത റബ്ബർ തോട്ടങ്ങളിൽ മറ്റ് കൃഷികൾ ചെയ്യുന്നത് ദൂരവ്യാപകമായ പ്രത്യാഘാതമുളവാക്കും. റബ്ബർ കർഷകരുടെ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കണം. കർഷകരെ ദോഷകരമായി ബാധിക്കുന്ന

റബ്ബർ ഇറക്കുമതി നിർത്തിവയ്ക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ ഇ-വേ ബിൽ നിർത്തലാക്കുന്നതിനും റബ്ബറിന്റെ അടിസ്ഥാന വില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: റബ്ബറിന്റെ സംഭരണ വില ഇരുന്നൂറ് രൂപയാക്കി വർദ്ധിപ്പിക്കുകയും റബ്ബർ ഇറക്കുമതി നിർത്തലാക്കുന്നതിൽ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): റബ്ബർ ബോർഡുമായി സഹകരിച്ചുകൊണ്ട് ഇടവിള കൃഷി നടത്തുന്നതിനുള്ള പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. റബ്ബറിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിപുലമായ ചർച്ച നടത്തുകയും കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഇന്റർനാഷണൽ ബിഡ് നടത്തി കൺസൾട്ടന്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നുണ്ട്. അഞ്ച്

ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള റബ്ബർ കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നതിനാണ് സബ്സിഡി ലഭിക്കുന്നത്. റബ്ബറിന്റെ താങ്ങുവില ഇരുന്നൂറ് രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിൽ പ്രമേയമായി അവതരിപ്പിക്കുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പ്രധാനമന്ത്രിയുമായി ചർച്ച നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): അന്തർ സംസ്ഥാന വ്യാപാരത്തിൽനിന്ന് ഇ-വേ ബിൽ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല. റബ്ബറിന്റെ ചരക്ക് നീക്കവുമായി ബന്ധപ്പെട്ട് ഇ-വേ ബിൽ ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. റബ്ബർ ബോർഡ് അപ്‌ലോഡ് ചെയ്ത എല്ലാ ബില്ലുകളിന്മേലുമുള്ള കുടിശ്ശികയും റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക ലഭിച്ചിട്ടില്ലെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(2) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട അട്ടിമറി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇത് പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള അവഗണനയും ഭരണഘടനാ

ലംഘനവുമാണ്. അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമപരമായി ലഭിക്കേണ്ട സംഭരണം ഉറപ്പാക്കണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് സംവരണതത്വം പാലിച്ചുകൊണ്ടാണ് പി.എസ്.സി. നിയമനം നടത്തിയിരിക്കുന്നത്. പിന്നോക്ക-ന്യൂനപക്ഷ വിഭാഗക്കാരുടെ സംവരണ റേഷ്യോയിൽ അട്ടിമറിയുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ എല്ലാ വിഭാഗങ്ങൾക്കും കെ.എ.എസ്-ൽ അർഹമായ പ്രാതിനിധ്യം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എ.എസ്. പരീക്ഷയുടെ സ്കീമും സിലബസ്സും സംസ്ഥാന സർക്കാരുമായി ആലോചിച്ച് തീരുമാനിക്കണമെന്ന റൂളിലെ വിവാദ വ്യവസ്ഥ ഒഴിവാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാന സിവിൽ സർവ്വീസിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാനും വകുപ്പുതല വേർതിരിവുകൾ ഇല്ലാതാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി വിവിധ സർവ്വീസ് സംഘടനകളും നിയമവകുപ്പും ചർച്ച നടത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്ന് വിഭാഗങ്ങളിലായി തെരഞ്ഞെടുപ്പ് നടത്തുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് സംവരണ വ്യവസ്ഥകൾ ബാധകമായ സ്കീം ഒന്നിലൂടെ നേരിട്ടുള്ള നിയമനവും 2,3 സ്കീമുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമിക്കുന്നതിനുമാണ് വ്യവസ്ഥ

ചെയ്തിട്ടുള്ളത്. ഒരിക്കൽ സംവരണ വ്യവസ്ഥ പാലിച്ച് സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടവരിൽ നിന്നാണ് 2, 3 സ്ട്രീമുകളിലേയ്ക്ക് നിയമനം നടത്തുന്നതെന്നതിനാൽ ടി തസ്തികകൾക്ക് സംവരണതത്വം ബാധകമല്ല. ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് സംവരണതത്വം പാലിച്ചാണ് പി.എസ്.സി. നിയമനം നടത്തിവരുന്നത്. നിലവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് സംവരണ വ്യവസ്ഥകൾ ബാധകമല്ല. കെ.എ.എസ്.-ൽ നേരിട്ടുള്ള നിയമനത്തിന് സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട്.

**III സബ്മിഷൻ**

(1) സ്റ്റിക്കർ പതിപ്പിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള നിരവധി വീടുകളിൽ കറുത്ത സ്റ്റിക്കറുകൾ പതിപ്പിക്കുന്നതായി ദൃശ്യ-പത്ര-സമൂഹമാധ്യമങ്ങളിൽ വാർത്ത വരികയുണ്ടായി. കവർച്ച നടത്താനും കുട്ടികളെ തട്ടിക്കൊണ്ടുപോകാനും ലക്ഷ്യം വയ്ക്കുന്നതാണെന്നുള്ള തരത്തിൽ പൊതുജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും ഇതിന്റെ

ഉറവിടം കണ്ടെത്തുന്നതിനും അന്തർ - സംസ്ഥാന ഭിക്ഷാടന മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സർക്കാർ അടിയന്തര ഇടപെടൽ നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം, എറണാകുളം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലെ ഏതാനും ചില വീടുകളിൽ കറുത്ത സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അന്വേഷണം നടത്താൻ അതാത് റെയിഞ്ച് ഐ.ജി.-മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമീപ ദിവസങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ ചില വീടുകളിൽ കറുത്ത സ്റ്റിക്കറുകൾ പതിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന പോലീസ് മേധാവി എല്ലാ പോലീസ് സ്റ്റേഷനുകൾക്കും കൺട്രോൾ റൂമുകൾക്കും സൈബർ സെല്ലുകൾക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ ഭീതിയുളവാക്കുന്ന തരത്തിൽ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഇത്തരത്തിലുള്ള ആശങ്കകൾ ഏതെങ്കിലും വ്യക്തികൾ അറിയിച്ചാൽ അതുസംബന്ധിച്ച് അടിയന്തര അന്വേഷണവും തുടർ നടപടികളുമുണ്ടാകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(2) കോടതി റിക്കോർഡുകളിൽ ഡിജിറ്റലൈസേഷൻ

ശ്രീ. എ. എൻ. ഷംസീർ: കാലപ്പഴക്കംമൂലം കോടതി രേഖകൾ നശിച്ചുപോകുന്ന അവസ്ഥ മുൻനിർത്തി റിക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കാനും സംസ്ഥാനത്തെ മുഴുവൻ ജില്ലാ-സബ് കോടതികളിലും ഡിജിറ്റലൈസേഷൻ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോടതി റിക്കോർഡുകളുടെ സ്കാനിംഗിനും ഡിജിറ്റലൈസേഷനുമുള്ള ഭരണാനുമതി നൽകുന്നതും ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് രണ്ടു ഘട്ടങ്ങളിലായി 2018-19-ൽ ഡിജിറ്റലൈസേഷൻ നടപടി പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. സബോർഡിനേറ്റ് കോടതികളിലെ റിക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ജില്ലാ കോടതികളിലേയും സബോർഡിനേറ്റ് കോടതികളിലേയും കേസ് വിവരങ്ങൾ ഹൈക്കോടതി സ്വീകരിക്കുകയും ഭരണാനുമതിക്കുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(3) നഗരൂരിൽ പോലീസ് സ്റ്റേഷൻ

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂരിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദിഷ്ട പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 22.9.2017-ലെ ഉത്തരവുപ്രകാരം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ ഉൾപ്പെടെ ഏഴ് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഷനിലേയ്ക്ക് ആവശ്യമായ അംഗബലം അനുവദിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(4) ആദിവാസി ചികിത്സാ കേന്ദ്രവും മ്യൂസിയവും അനുവദിക്കൽ

ശ്രീ. കെ. എസ്. ശബരീനാഥൻ: ആദിവാസി ചികിത്സ നടത്തുന്നതിനുള്ള മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിനും പാരമ്പര്യ ഗോത്ര ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പത്മശ്രീ പുരസ്കാരം ലഭിച്ച ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയുടെ നാമധേയത്തിൽ കല്ലാറിൽ ആദിവാസി ചികിത്സാകേന്ദ്രവും മ്യൂസിയവും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഗോത്ര ജനവിഭാഗങ്ങൾക്കുള്ളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന പാരമ്പര്യ വൈദ്യശാസ്ത്ര വിജ്ഞാനത്തെ പൊതുരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കിർത്താഡ്സ് നിരവധി പ്രവർത്തനങ്ങൾ

നടത്തിവരുന്നതോടൊപ്പം ഇതര സംസ്ഥാനങ്ങളിലെ ഗോത്ര പാരമ്പര്യവൈദ്യന്മാരുമായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വ്യത്യസ്ത ഗോത്ര വിഭാഗങ്ങളിൽപ്പെടുന്ന പരമ്പരാഗത വൈദ്യവിഭാഗത്തെ സംരക്ഷിക്കുന്നതിനും അത്തരം അറിവുകൾ അന്യംനിന്നുപോകാതിരിക്കുന്നതിനും കിർത്താഡ്സ് വംശീയ വൈദ്യ പഠന ഗവേഷണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കിർത്താഡ്സ് കണ്ടെത്തിയ 250 ഗോത്ര വൈദ്യന്മാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പതിനായിരം രൂപ വീതം ധനസഹായം അനുവദിക്കുകയും വംശീയ വൈദ്യന്മാരുടെ പേരും ചികിത്സാ മേഖലയും സംബന്ധിക്കുന്ന സൂചിക പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. പത്മശ്രീ പുരസ്കാരം ലഭിച്ച ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മ കിർത്താഡ്സിന്റെ അംഗീകൃത പാരമ്പര്യ വൈദ്യന്മാരുടെ പട്ടികയിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന വ്യക്തിയാണ്. ഗോത്ര ചികിത്സാ രീതികളും മരുന്നുകളും പരിപോഷിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള ഒരു പ്രോജക്ട് ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന സമർപ്പിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>ഭൂമി വാങ്ങിയവർക്ക് അവകാശം ലഭ്യമാക്കൽ</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : കെ.എൽ.ആർ. ആക്ട് നിലവിൽവരുന്നതിന്

മുമ്പ് ഭൂമി വാങ്ങി തലമുറകളായി കൃഷി ചെയ്തുവരുന്ന കർഷകർക്ക് കരം അടയ്ക്കുന്നതിനും ഭൂമിയിന്മേൽ അവകാശം സ്ഥാപിച്ചുകിട്ടുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശംവച്ചിട്ടുള്ള സർക്കാർ ഭൂമിയിൽ നിന്നും രണ്ട് ഏക്കർ വരെ വാങ്ങിയ ചെറുകിട കർഷകർക്ക് നിലവിലെ നിയമങ്ങൾക്ക് വിധേയമായി സംസ്ഥാനത്തിന്റെ അവകാശത്തെ ഹനിക്കാത്ത വിധത്തിൽ താൽക്കാലികമായി നികുതി അടയ്ക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും നികുതി സ്വീകരിച്ചുവരികയുമാണ്. ഈ വിഷയത്തിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലിരിക്കുന്ന ബന്ധപ്പെട്ട കേസുകളിൽ സ്റ്റാറ്റസ്കോ തുടരണമെന്ന ഉത്തരവ് നിലനിൽക്കുന്നതിനാലും സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ പ്രസ്തുത കേസുകളെ ബാധിക്കുമെന്നതിനാലും അന്തിമ ഉത്തരവിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

( 6) ചെറുപുഴ-വള്ളിത്തോട് മലയോര ഹൈവേ

ശ്രീ. കെ. സി. ജോസഫ്: ചെറുപുഴ-വള്ളിത്തോട് മലയോര ഹൈവേയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനും അനുബന്ധ പാലങ്ങളും ബൈപ്പാസ് റോഡും

നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലയോര ഹൈവേയുടെ ഭാഗമായ ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് റോഡ് നിർമ്മാണത്തിനായി 205 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും കരാറുകാർ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആലക്കോട്-കരുവാഞ്ചാൽ-നുച്ചിയാട് പാലത്തിന്റെ പ്രവൃത്തികളുടെ എ.എസ്. നടപടികൾ ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്. പുതിയ പ്രോജക്ടായ പോത്തുകുണ്ട്-നടുവിൽ റോഡ് മലയോര ഹൈവേയുടെ ഭാഗമായി വരുന്നതാണെങ്കിൽ റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അനുമതിയോടെ നടത്താവുന്നതാണ്.

(7) വേങ്ങര ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എൻ. എ. ഖാദർ: വേങ്ങര ബൈപ്പാസ് നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ അനുവദിച്ച വേങ്ങര ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) കാക്കത്തോട് പാലം പുനർ നിർമ്മാണം

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കാക്കത്തോട് പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കാക്കത്തോട് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 4.30 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മാറ്റം വന്നതിനാൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പാലം പുനർ നിർമ്മിക്കുന്നതാണ്.

## (9) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ദൃശ്യ -മാധ്യമ മേഖലയിലെ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കാനും നിയമനിർമ്മാണം നടത്താനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ദൃശ്യ-മാധ്യമ

രംഗത്തെ തൊഴിലാളികൾക്ക് 1960-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ സേവന-വേതന വ്യവസ്ഥകളും മറ്റാനുകൂല്യങ്ങളും ബാധകമായതിനാൽ അവർക്ക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വത്തിനും ക്ഷേമനിധിയാനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പത്ര-മാധ്യമ ജീവനക്കാർക്ക് കേന്ദ്രസർക്കാരിന്റെ മജീദിയ വേജ് ബോർഡ് ശിപാർശ പ്രകാരമുള്ള സേവന വ്യവസ്ഥകളും ടെലി ഫിലിം ആന്റ് മോഷൻ പിക്ച്ചർ മേഖലയിലുള്ളവർക്ക് 1948-ലെ മിനിമം വേതന നിയമവും ബാധകമാണ്. കൂടാതെ മാധ്യമ പ്രവർത്തകരെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(10) നെല്ല് സംഭരണം

ശ്രീ. കെ. വി. വിജയദാസ്: നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ വഴി നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ഒന്നാംവിള കൃഷിയിനത്തിൽ നെൽകർഷകർക്ക് നൽകാനുണ്ടായിരുന്ന 112 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. നെല്ല് സംഭരിച്ച രസീത് ബാങ്കുകളിൽ ഹാജരാക്കുമ്പോൾ 9.5 ശതമാനം പലിശ നിരക്കിൽ 3 ദിവസത്തിനുള്ളിൽ

നെല്ലിന്റെ വില ലോണായി ബാങ്കിലേയ്ക്ക് അടയ്ക്കാൻ സപ്ലൈകോയുമായി കരാറിലേർപ്പെടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നെല്ല് സംഭരണ പദ്ധതിയിൽ അംഗങ്ങളായ  പണം ലഭിക്കേണ്ട 4850 കർഷകർക്ക് ബാങ്കുകൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ലോൺ അനുവദിക്കുന്നതാണ്. സപ്ലൈകോയുമായി കരാറിലേർപ്പെടാത്ത ബാങ്കിൽ അക്കൗണ്ടുള്ളവർ കരാർപ്രകാരമുള്ള ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങണമെന്ന് നിർദ്ദേശം നിൽകിയിട്ടുണ്ട്.  കർഷകർ എടുത്തിട്ടുള്ള വായ്പ സംബന്ധിച്ച്  ബാങ്ക് കൺസോർഷ്യവുമായി ചർച്ച നടത്തി പരിഹരിക്കുന്നതാണ്. സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സപ്ലൈകോ ജനറൽ മാനേജർ, കൃഷി വകുപ്പ് ഡയറക്ടർ, സഹകരണ വകുപ്പ് രജിസ്ട്രാർ എന്നിവരുടെ സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുക്കുകയും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടായി പരിഗണിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## (11) ഓഡിറ്റിംഗ്

<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>  വഖഫ് ബോർഡിന് കീഴിലുള്ള പള്ളികളിൽ

കൃത്യമായ ഓഡിറ്റിംഗ് നടത്തുകയും വളാഞ്ചേരി മൂന്നാക്കൽ പള്ളിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉത്തരവാദികളായവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും വേണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): വഖഫ് സ്ഥാപനങ്ങളിൽ ഒരുമിച്ച് ഓഡിറ്റിംഗ് നടത്തുകയെന്നത് പ്രായോഗികമല്ല. കഴിഞ്ഞ വർഷം 85 വഖഫ് സ്ഥാപനങ്ങളിൽ ഓഡിറ്റിംഗ് നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും 33 കേസുകളിൽ നിലവിൽ വിചാരണ നടന്നുവരികയുമാണ്. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ മൂന്നാക്കൽ പള്ളിയുടെ ഭരണവും നിയന്ത്രണവും ബോർഡ് ഏറ്റെടുക്കുകയും ഒരു എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിംഗ് നടത്താൻ തീരുമാനിക്കുകയും അഡ്വ. വി.പി.നാരായണൻ കമ്മീഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷി നേരിട്ട് ഹാജരാകുന്നതിന് കേസ് മാറ്റിവച്ചിരിക്കുകയുമാണ്.

## IV ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച:(തുടർച്ച)

ശ്രീ. സി. കെ. ശശീന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഉയർന്ന മാനവ വികസന സൂചികയുള്ളതും അഴിമതി കുറഞ്ഞതുമായ സംസ്ഥാനമായി കേരളം മാറിയത് ഇടതുമുന്നണി സർക്കാരിന്റെ പ്രവർത്തനഫലമായാണ്. സമ്പൂർണ്ണ വൈദ്യുതീകരണം, ആദ്യ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം, ഇന്റർനെറ്റ് ലഭ്യത പൗരന്മാരുടെ അവകാശമാക്കൽ തുടങ്ങിയ ധാരാളം നേട്ടങ്ങൾ കുറഞ്ഞ കാലയളവിൽ സ്വന്തമാക്കാൻ സർക്കാരിന് സാധിച്ചു. വനിതാക്ഷേമ വകുപ്പ് രൂപീകരിക്കാനും പോലീസ് സേനയിലെ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കാനുമുള്ള തീരുമാനം ശ്ലാഘനീയമാണ്. ഹരിതകേരളം മിഷൻ, ആർദ്രം പദ്ധതി, ലൈഫ് മിഷൻ എന്നിവ നടപ്പിലാക്കുന്നതിനും പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുമുള്ള നടപടി ശ്രദ്ധേയമാണ്. ഗോത്രബന്ധു പദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം വികസിപ്പിക്കുന്നതിനും തീരുമാനമെടുത്തു. ഫെഡറലിസം അട്ടിമറിക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം

തീർക്കുന്നതിനും മതനിരപേക്ഷ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നതിനും ഇടതുമുന്നണി സർക്കാരിന് സാധിച്ചു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഹരിത കേരളം മിഷനിലൂടെ മലിനമാക്കപ്പെട്ട ജലസ്രോതസ്സുകളെ സചേതനങ്ങളാക്കാനും ഉറവിട മാലിന്യ സംസ്കരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കാനും അനിയന്ത്രിതമായി നെൽപ്പാടങ്ങൾ നികത്തുന്നത് അവസാനിപ്പിക്കാനും കർഷക ആത്മഹത്യകൾ ഇല്ലാതാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രഖ്യാപിച്ചതും അടച്ചു പൂട്ടിയ സർക്കാർ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിച്ചതും 'ലാഭകരമല്ലാത്ത' എന്ന പദം സർക്കാർ സ്കൂളുകളിൽനിന്നും ഒഴിവാക്കാനും രാജ്യാന്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും തീരുമാനിച്ചത് ഈ മേഖലയോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ റോഡുകളുടെ നവീകരണത്തിന് ഗവൺമെന്റ് തുക അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീ ശാക്തീകരണം എന്നിവയിൽ കേരളത്തിന് ഒന്നാം സ്ഥാനം ആർജ്ജിക്കാനും കഴിഞ്ഞത് അഭിമാനാർഹമാണ്. എല്ലാ ജില്ലകളിലും സാംസ്കാരിക നിലയങ്ങൾ

നിർമ്മിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. തികച്ചും ജനോപകാരപ്രദമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. യാതൊരു കാഴ്ചപ്പാടുമില്ലാത്ത ഒരു നയപ്രഖ്യാപനമാണിത്. സമസ്ത മേഖലകളിലും ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയ കൊലപാതകങ്ങളും കർഷക ആത്മഹത്യകളും വർദ്ധിച്ചിരിക്കുകയാണ്. ലോട്ടറി വിൽപ്പനക്കാരുടെ കമ്മീഷൻ കുറച്ചതും സൗജന്യ ചികിത്സാ പദ്ധതികൾ അട്ടിമറിച്ചതും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധിച്ചതും പാവപ്പെട്ട ജനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. സർക്കാരിന്റെ പിടിപ്പുകേടും ഭരണ പരാജയവുമാണ് ഓഖി ദുരന്തത്തിന്റെ ഭീകരത വർദ്ധിക്കാനിടയാക്കിയത്. ഡിസാസ്റ്റർ മാനേജ്മെന്റ് ഇത്രയധികം പരാജയപ്പെട്ട കാലഘട്ടം കേരളചരിത്രത്തിൽ ഉണ്ടായിട്ടില്ല. മത്സ്യത്തൊഴിലാളികൾക്കായി 500 കോടി രൂപയുടെ പാക്കേജ് ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായതും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതുമായ നയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 'ഹരിത കേരളം മിഷൻ', 'ആർദ്രം പദ്ധതി', ഉയർത്തുന്ന പൊതു വിദ്യാഭ്യാസ

സംരക്ഷണയജ്ഞം, 'ലൈഫ്' മിഷൻ എന്നിങ്ങനെ കേരളത്തിന്റെ വികസനത്തിന് അടിത്തറ പാകുന്ന പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സ്വകാര്യ/സർക്കാർ ആശുപത്രികളിലെ ആരോഗ്യ പരിപാലന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. കൃത്യമായ നയരൂപീകരണത്തിലൂടെ ജനാധിപത്യ സംരക്ഷണത്തിനായി വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരെ എല്ലാവരും ഒന്നിക്കേണ്ടത് ആവശ്യമാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും യഥാസമയം വിതരണം ചെയ്തതും ശ്ലാഘനീയമാണ്. കേരളത്തെ ഐക്യരാഷ്ട്ര സഭയുടെ ലോക മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്തുനിൽക്കുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനമായി പ്രഖ്യാപിച്ചതും ക്രമസമാധാന പാലനത്തിൽ ഭാരതത്തിലെ മികച്ച സംസ്ഥാനമായി തെരഞ്ഞെടുത്തതും വയോജന സംരക്ഷണത്തിൽ 'വയോജന ശ്രേഷ്ഠ അവാർഡ്' ലഭിച്ചതും ഈ സർക്കാരിന്റെ കാലയളവിലാണ്. സ്ത്രീ സുരക്ഷയ്ക്കായി വനിതാ ബറ്റാലിയൻ, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, സ്വയം പ്രതിരോധ പരിശീലനം എന്നിവ നടപ്പാക്കിയതും പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വീടുകളിൽ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തതും പാലക്കാട് മെഡിക്കൽ കോളേജിനുവേണ്ടി 320 കോടി രൂപ

ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചതും പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 25 ശതമാനം വർദ്ധിപ്പിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഉന്നത നിലവാരമുള്ള വിദേശ സർവ്വകലാശാലകളിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുകയും എസ്.സി. വകുപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായം അർഹരായവർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുകയും കിണറുകൾ റീചാർജ് ചെയ്യുകയും കുളങ്ങളും തോടുകളും നവീകരിക്കുകയും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും തരിശുഭൂമിയിൽ കൃഷി ആരംഭിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ആർദ്രം പദ്ധതിയും സമ്പൂർണ്ണ വൈദ്യുതീകരണവും സർക്കാരിന്റെ നേട്ടങ്ങളാണ്. ന്യായവില ഉറപ്പാക്കി കർഷകരിൽനിന്ന് നെല്ലും അരിയും സംഭരിച്ച് വിപണനം, സംസ്കരണം എന്നിവ നടത്താൻ ഒരു സഹകരണ കൺസോർഷ്യം രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ 100 വർഷത്തിലേറെ പഴക്കമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും പ്രമാണങ്ങളുടെ ഡിജിറ്റൈസേഷനുള്ള തീരുമാനവും ശ്ലാഘനീയമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: നന്ദിപ്രമേയത്തോട് നിഷ്പക്ഷ നിലപാട് സ്വീകരിക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾ അവതരിപ്പിക്കുകയോ പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയോ ചെയ്തിട്ടില്ല. റബർ കർഷകർക്കുള്ള വിലസ്ഥിരതാ ഫണ്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനും ന്യായവില 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നെല്ല് സംഭരണത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും കാർഷിക മേഖലയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ഇറിഗേഷൻ പ്ലാൻ ആവിഷ്കരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുകയും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പദ്ധതിയുടെ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും പെട്രോൾ/ഡീസൽ എന്നിവയിന്മേൽ സംസ്ഥാനത്തിനുള്ള അധിക നികുതി ഒഴിവാക്കുകയും കുടിവെള്ള പദ്ധതികൾ മെച്ചപ്പെടുത്തുകയും വേണം.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കിയുള്ള രേഖയാണ് ഈ നയപ്രഖ്യാപനം. കേരളത്തിലെ വികസന പ്രവർത്തനങ്ങൾ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതിയും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള ഹൈടെക് പദ്ധതികളും കേരളാ ബാങ്ക് രൂപീകരിക്കുമെന്ന പ്രഖ്യാപനവും പ്രശംസനീയമാണ്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച വിജ്ഞാപനം

പുറപ്പെടുവിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും കഴക്കൂട്ടം-ചേർത്തല ഉൾപ്പെടെയുള്ള ദേശീയ പാതകളുടെ വികസനത്തിനായി നടപടികൾ സ്വീകരിക്കുകയും വേണം. കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് സമയബന്ധിതമായി ലൈസൻസ് നൽകാനുള്ള തീരുമാനം ആശ്വാസകരമാണ്. ചവറ നിയോജകമണ്ഡലത്തിലെ കരിമണൽ ഉപയോഗയോഗ്യമാക്കി മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനും കിൻഫ്രവഴി ഏറ്റെടുക്കുന്ന ഭൂമിയിൽ കരിമണലും ടൈറ്റാനിയവും ഉപയോഗിച്ചുള്ള അനുബന്ധ വ്യവസായ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കുന്നതിന് യുവ പ്രവാസി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ടൈറ്റാനിയം ഉപയോഗിച്ച് ചെറുതും വലുതുമായ ആധുനിക വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ കരിമണൽ ഉപയോഗയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുമേഖലയിൽ ഖനനം ചെയ്യുന്ന കരിമണൽ സ്വകാര്യ മേഖലയിലെ അനുബന്ധ വ്യവസായങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിനിയോഗിക്കണം. സമസ്ത മേഖലകളിൽ ഉണർന്നു പ്രവർത്തിക്കുന്നതിനും രാജ്യത്തിന് മാതൃകയാകുന്ന നിരവധി പദ്ധതികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിനും സാധിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർവ്വതല സ്പർശിയും വികസന വൈവിദ്ധ്യമുള്ളതും വർഗ്ഗീയവൽക്കരണത്തിനെതിരെ അസന്നിഗ്ദ്ധ നിലപാടെടുക്കുന്നതുമായ നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആരോഗ്യരംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾ സ്വാഗതാർഹമാണ്. പൊതുവിദ്യാഭ്യാസ മേഖലയിലെ വികസന പദ്ധതികൾ, ഹരിതകേരളം മിഷൻ, ജലസ്രോതസ്സുകളുടെ സംരക്ഷണം, തരിശ്ശു നിലങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചതും അഭിനന്ദനാർഹമാണ്. വികസന പരിപാടികളിൽ ജനകീയ പങ്കാളിത്തം ദൃശ്യമാണ്. കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്കെതിരെ ഉണർന്ന് പ്രവർത്തിക്കണം.

<u>ഡോ. എം. കെ. മുനീർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ വിവിധ പദ്ധതികൾ പേര് മാറ്റി സ്വീകരിക്കുന്ന സമീപനം വിമർശനാത്മകമാണ്. സംസ്ഥാന പോലീസ് സേനയിലെ വർഗ്ഗീയവൽക്കരണത്തിനെതിരെ കർശന നടപടി സ്വീകരിക്കണം. രാജ്യത്ത്

വർഗ്ഗീയ ശക്തികൾ വളരുന്നതിനെ തടയിടാൻ ദേശീയതലത്തിൽ കക്ഷിഭേദമെന്യേ പ്രവർത്തിക്കണം. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങളിറക്കുന്നതിന് അനുകൂല റിപ്പോർട്ട് വന്നിട്ടുള്ള സാഹചര്യത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ഗെയ്ൽ പദ്ധതിയുമായി ബന്ധപ്പെട്ട് സമരം ചെയ്യുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ സി.ആന്റ്. എ.ജി. റിപ്പോർട്ട് പരിശോധിക്കണം. ക്രമസമാധാനപാലനത്തിന്റെ പേരിൽ പഞ്ചായത്ത് തലത്തിൽ അനധികൃതമായി പോലീസിനെ നിയോഗിക്കുന്നത് ഒഴിവാക്കണം. പുതിയ ബഡ്ജറ്റിൽ ധനകാര്യ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള തീരുമാനമുണ്ടാകണം. സർക്കാരിന്റെ പദ്ധതികൾ പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങാതെ നടപ്പിലാക്കാൻ ശ്രമിക്കണം.

ശ്രീ. എസ്. ശർമ്മ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാമ്പത്തികം, ജനക്ഷേമം, വികസനം, മതനിരപേക്ഷത എന്നീ കാര്യങ്ങളിൽ ഇന്ത്യയ്ക്ക് മാതൃകയായി കേരളം മാറിയിരിക്കുകയാണ്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സാധ്യമായതെല്ലാം ചെയ്തിട്ടുണ്ട്. ജനക്ഷേമകരമായ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ

കാര്യങ്ങൾ ഒന്നുപോലും സർക്കാർ നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ വളരെ ശുഷ്കമായ നയപ്രഖ്യാപന പ്രസംഗമാണ് ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയത്. സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് കേരളത്തിലെ ഭരണത്തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. ഭരണ രംഗത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ പാർട്ടികൾ തമ്മിലുള്ള ശീതസമരമാണ് നടക്കുന്നത്. സർക്കാരിന്റെ ക്രൈസിസ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം. പെട്രോളിന്റെയും ഡീസലിന്റെയും വില ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുകയറുമ്പോൾ സാധരണക്കാർക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ക്രമസമാധാന നില തകർന്നിരിക്കുന്നു. അഴിമതിക്കെതിരെ ശബ്ദമുയർത്തി അധികാരത്തിൽ വന്ന ഗവൺമെന്റിന് വിജിലൻസ് വകുപ്പിൽ ഒരു സ്ഥിരം ഡയറക്ടറെ നിയമിക്കാൻ പോലും സാധിച്ചിട്ടില്ല. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന സി. കെ. ബൈജുവിന് ഡയറക്ടറുടെ ചാർജ് നൽകിയതും കൃഷി വകുപ്പിൽ വി.എഫ്.പി.സി.കെ.-യിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന എസ്.കെ. സുരേഷ് 31.07.2017-ൽ വിരമിച്ചിട്ടും ഇപ്പോഴും ആ സ്ഥാനത്ത്

തുടരുന്നതും അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാടാണ്. ബി.ജെ.പി.യും ആർ.എസ്.എസും നടത്തുന്ന വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ മതേതര ജനാധിപത്യ ശക്തികളോടൊപ്പം കോൺഗ്രസ്സുമുണ്ടാകും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2016 മെയ് 31 -ന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർ വിരമിച്ചപ്പോൾ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ആൾക്ക് ഡയറക്ടറുടെ അധിക ചുമതല നൽകിയെങ്കിലും തന്നെ ആ ചുമതലയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സീനിയറായ ഡെപ്യൂട്ടി ഡയറക്ടർ സി. കെ. ബൈജുവിന് ഡയറക്ടറുടെ ചാർജ് നൽകിയത്. ആ നിയമനത്തിൽ ഒരു തരത്തിലുള്ള ക്രമക്കേടും ഉണ്ടായിട്ടില്ല. താൽക്കാലികമായി ഡയറക്ടറുടെ അധികച്ചുമതല നൽകുക മാത്രമാണുണ്ടായത്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വകുപ്പിനെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ഗൗരവമായി പരിശോധിക്കും. അഴിമതിക്ക് വിധേയരായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകൊണ്ട് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനെർട്ടിൽ ഒരു ശാസ്ത്രജ്ഞനെ ഡയറക്ടറായി നിയമിക്കുകയാണ് ചെയ്തത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർവ്വീസിൽനിന്ന് വിരമിച്ചയാളെ പുനർനിയമിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെയും വിജിലൻസിന്റെയും ക്ലിയറൻസ് വാങ്ങി ഗവൺമെന്റ് ഉത്തരവിനായി കാത്തിരിക്കുകയാണ്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി വി.എഫ്.പി.സി.കെ.യുടെ നിയമാവലി അനുസരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാലാവധി അഞ്ച് വർഷമാണ്. പ്രസ്തുത നിയമാവലി പാലിച്ചുകൊണ്ടാണ് കൃഷി വകുപ്പിലെ ജോയിന്റ് ഡയറക്ടറെ വി.എഫ്.പി.സി.കെ.-യിൽ സി.ഇ.ഒ.ആയി നിയമിച്ചത്. നിയമനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ അവാസ്തവമാണ്. ഗവൺമെന്റിന്റെ നിയമവ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും. അഴിമതി ആരോപണ വിധേയരായ ഒരു ഉദ്യോഗസ്ഥരെയും ഈ ഗവൺമെന്റ് സംരക്ഷിക്കുകയില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രവാസി പ്രതിനിധികളെയും സംസ്ഥാന ജനപ്രതിനിധികളെയും ഒത്തൊരുമിപ്പിക്കാൻ സാധിച്ച ലോക കേരള സഭ ലോകത്തിനുതന്നെ മാതൃകയാണ്. പ്രവാസികളിൽ ബഹുഭൂരിപക്ഷം വരുന്ന കേരളീയർക്ക് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മികച്ച സംഭാവന നൽകാൻ അവസരമുണ്ടാക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. ലോക കേരള സഭ സംഘടിപ്പിച്ചതിലൂടെ പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. ഇതിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ നാലരക്കോടി രൂപ വകയിരുത്തിയിരുന്നു. വിദേശത്തുള്ള വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്താൻ പ്രവാസി വാണിജ്യ ചേമ്പറുകൾ രൂപീകരിക്കുകയും പുതിയ വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാനം നവീകരിക്കുകയും ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്കായി സെക്രട്ടേറിയറ്റ് രൂപീകരിക്കുകയും ചെയ്യുന്നതാണ്. കേരള വികസന നിധിയും പ്രവാസി സംരക്ഷണ പദ്ധതിയും പ്രവാസികൾക്ക് നിക്ഷേപം നടത്താൻ ആവശ്യമായ മാർഗ്ഗ രേഖയും പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതിയും രൂപീകരിക്കും. മലയാളികൾ കൂടുതലുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ

ഭാഗമായി ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് രൂപം നൽന്നതാണ്. പ്രവാസി സമൂഹത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ കുടിയേറ്റ നിയമവും കലാസാംസ്കാരിക സമ്പന്നത പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും ആവിഷ്കരിക്കുന്നതാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറിയ കേരളീയർ നേരിടുന്ന പ്രശ്നങ്ങൾ അതാത് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹരിക്കുന്നതിനും സ്ഥിരം സംവിധാനമായി സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് രൂപം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആഗോള സാങ്കേതിക വിദ്യാ മുന്നേറ്റത്തിനും സാമ്പത്തിക സാഹചര്യങ്ങൾക്കും അനുസൃതമായി കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ പ്രാപ്തരായ ഒരു സംഘം വിദഗ്ധരുടെ സേവനം ഉറപ്പാക്കുകയെന്നതാണ് ലോക കേരള സഭയിലൂടെ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. നീലക്കുറിഞ്ഞി സാങ്ച്വറിയുടെ ഭൂവിസ്തൃതി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. 25-05-2016-മുതൽ നാളിതുവരെ 21 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി കയ്യേറ്റക്കാർക്കെതിരെ നിയമ നടപടി

സ്വീകരിക്കുന്നതാണ്. പിന്നോക്ക-ന്യൂനപക്ഷ വിഭാഗക്കാരുടെ നിലവിലെ സംവരണ വ്യവസ്ഥ നിലനിർത്തുന്നതോടൊപ്പം മുന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്ക് പത്ത് ശതമാനം സംവരണം നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് സംവരണ വ്യവസ്ഥകൾ ബാധകമായ സ്കീം ഒന്നിലൂടെ നേരിട്ടുള്ള നിയമനവും 2,3 സ്കീമുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ദേവസ്വം-വഖഫ് ബോർഡുകളിലെ നിയമനവുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ചിട്ടുള്ള പ്രസ്താവനകൾ അടിസ്ഥാനരഹിതമാണ്. ഹരിത കേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. അഞ്ച് ലക്ഷത്തോളം പേർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്.

ആർദ്രം മിഷന്റെ ഭാഗമായി 55 ഫാമിലി ഹെൽത്ത് സെന്ററുകൾ ആരംഭിക്കാൻ സാധിച്ചതും ഹരിത കേരളം മിഷന്റെ ഭാഗമായി നദീസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചതും വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും സ്വീകരിച്ച നടപടികളും പൊതുസമൂഹം അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും പുരോഗതി അവലോകനം നടത്തിയശേഷം എം.എൽ.എ.മാർക്കും ജനപ്രതിനിധികൾക്കും

പൊതുജനങ്ങൾക്കുമായി ആയത് ലഭ്യമാക്കുന്നതുമാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ 128 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുള്ളതും തുടർ ചികിത്സകൾക്കായി കേന്ദ്രീകൃത പാലിയേറ്റീവ് കെയർ ആശുപത്രിയും മൂളിയാർ വില്ലേജിൽ 25 കോടി രൂപ ചെലവിൽ ഒരു റീഹാബിലിറ്റേഷൻ വില്ലേജും നിർമ്മിക്കും. ലഭ്യമായ ഫണ്ടുപയോഗിച്ച് രണ്ട് ഗഡുക്കളായി ദുരിതബാധിത പട്ടികയിലുള്ള അർഹതപ്പെട്ടവർക്ക് 90 കോടി 25 ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ രോഗികൾക്കായി വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി, കിടപ്പിലായ രോഗികളെ നോക്കുന്നവർക്കുള്ള ധനസഹായം, ഫിസിയോ തെറാപ്പി സേവനം, ദുരിതബാധിതർക്ക് സൗജന്യ റേഷൻ, ബഡ്സ് സ്കൂൾ, ദുരിതബാധിതരെ ആശുപത്രികളിലെത്തിക്കുന്നതിനുള്ള യാത്രാ സൗകര്യം, മൊബൈൽ മെഡിക്കൽ യൂണിറ്റ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയ്ക്ക് സർക്കാർ സഹായം നൽകുന്നുണ്ടെങ്കിലും ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ പ്രാവർത്തികമാക്കാനുള്ള 480 കോടി രൂപയുടെ കേന്ദ്ര സഹായം ഇനിയും ലഭിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ

ഭാഗമായുള്ള പുലിമുട്ടുകൾക്കും ഡ്രഡ്ജറുകൾക്കും ഓഖി ചുഴലിക്കാറ്റിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾക്ക് മറ്റ് തടസ്സങ്ങളൊന്നും നേരിട്ടിട്ടില്ല. സംസ്ഥാനത്ത് ഭരണസ്തംഭനമുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. നെല്ല് സംഭരണ പ്രശ്നം ചർച്ച ചെയ്യാൻ ഉപസമിതി രൂപീകരിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സംസ്ഥാനത്ത് കെട്ടുറപ്പോടെയുള്ള ഭരണമാണ് കാഴ്ചവയ്ക്കുന്നത്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയം 36-നെതിരെ 81 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.35-ന് പിരിഞ്ഞു.